**പതിമൂന്നാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2537** — **19.03.2015 ലെ മറുപടിയ്ക്ക്**

## കുറ്റ്യാടി ജലസേചനപദ്ധതി കനാലുകളിലെ ശുചീകരണ പ്രവർത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞഅമ്മത് മാസ്റ്റർ | | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | കുറ്റ്യാടി ജലസേചനപദ്ധതിയുടെ കനാലുകളിൽ വെള്ളം തുറന്നു വിടുന്നതിനു മുമ്പുള്ള ശുചീകര പ്രവൃത്തികൾ ഈ വർഷം നടത്തി യിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) & ബി) | കുറ്റ്യാടി ജലസേചനപദ്ധതിയുടെ കനാലുകളിൽ വെള്ളം തുറന്നു വിടുന്നതിനു മുമ്പുള്ള ശുചീകര പ്രവൃത്തികൾ എല്ലാവർഷവും MNREGS (തൊഴിലുറപ്പ് പദ്ധതി) മുഖേനയാണ് നടത്തി വന്നിരുന്നത്. എന്നാൽ ഈ വർഷം പ്രസ്തുത പ്രവൃത്തി പഞ്ചായത്തുകൾ ഏറ്റെ ടുക്കാൻ തയ്യാറാവാതിരുന്നതിനാൽ ശുചീകരണ പ്രവൃത്തികൾ നടത്താൻ സാധിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയിൽ ശുചീകരണ പ്രവർത്തികൾ നടത്താൻ കഴിയില്ല എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായി 28.15 ലക്ഷം രൂപ ഉൾപ്പെടുത്തി പുതുക്കിയ ആക്ഷൻ പ്ലാനിന് അംഗീകാരം നൽകിയിട്ടുണ്ട്. |
| ബി) | എങ്കിൽ എത്ര തുകയാണ് ഇതിന് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | | |
| സി) | കനാൽ ശുചീകരണ പ്രവർത്തികൾ പല സ്ഥലങ്ങളിലും പൂർത്തീകരിച്ചിട്ടില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ; | സി) | ലഭിച്ചിട്ടുണ്ട്. |
| ഡി) | എങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | ഡി) | ഉയർന്ന പ്രദേശത്തുകൂടി കടന്നു പോവുന്ന കനാലുകളിലെയും, അതുപോലെ മുനിസിപ്പൽ പ്രദേശത്ത് കൂടി കടന്നുപോകുന്ന കനാലുകളിലേയും മണ്ണും, ചെളിയും നീക്കം ചെയ്യുന്നതിന് വകയിരുത്തിയ 27.45 ലക്ഷം രൂപയ്ക്ക് പുറമെ ഈ വർഷം തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി |

പ്രസ്തുത പ്രവൃത്തികൾ നടത്താൻ കഴിയില്ല എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 28.15 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി പുതുക്കിയ ആക്ഷൻ പ്ലാനിന് അംഗീകാരം നൽകിയിട്ടുണ്ട്.

3.3.2015 ന് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ അടിയന്തിര പ്രാധാന്യത്തോടെ പ്രസ്തുത പ്രവൃത്തികൾ ചെയ്തു തീർക്കാൻ ഗ്രാമപഞ്ചായത്തുകളുമായും, ബ്ലോക്ക് പഞ്ചായത്തുകളുമായും ധാരണയായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ